# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

## പ്രവചന കാലയളവ് 02.07.2025 മുതൽ 06.07.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 26/2025 (52) ചൊവ്വാഴ്ച | തീയ്യതി 01/07/2025 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 02.07.2025 | 03.07.2025 | 04.07.2025 | 05.07.2025 | 06.07.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 0.5 | 2 | 2 | 0.3 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 320 | 320 | 320 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 6 | 6 | 5 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. 2025 ജൂലൈ 01 മുതൽ 03 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | പരിചരണം | നെല്ലിന് ഒരു ഏക്കറിന് 140 കിലോ എന്ന തോതിൽ കുമ്മായം ഇട്ടു 10 ദിവസത്തിന്ശേഷം അടിവളം നന്നായി ചേർത്ത്കൊടുക്കുക. മണ്ണ് പരിശോധന അടിസ്ഥാനത്തിൽ വേണം രാസവളങ്ങൾ കൊടുക്കാൻ. പൊതു ശുപാർശ അനുസരിച്ചു മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് അവസാനത്തെ പൂട്ടിന്റെ സമയത്തു 90 കിലോ രാജ്‌ഫോസ്, 40 കിലോ യൂറിയ, 15 കിലോ പൊട്ടാഷ് എന്നിവ ഒരു ഏക്കറിന് എന്ന തോതിൽ അടിവളമായി നൽകാം. വെള്ളം നിയന്ത്രിക്കാൻ കഴിയാത്ത പാടങ്ങളിൽ ഞാറു പറിച്ചു നട്ടു 10 ദിവസത്തിനുള്ളിൽ ഈ വളങ്ങൾ നൽകാവുന്നതാണ്. |
| വാഴ | സിഗട്ടോക്ക രോഗം | വാഴയിലെ സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽതളിച്ച് കൊടുക്കുക. |
| കമുക് | മഹാളി രോഗം | അന്തരീക്ഷ ഈർപ്പം കൂടിയ സാഹചര്യമായതിനാൽ കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്. |
| കൂർക്ക | നടീൽ | ജൂലൈ - ഒക്ടോബർ മാസങ്ങൾ കൂർക്ക നടുന്നതിനു വളരെ യോജിച്ചതാണ്. നടുന്നതിനാവശ്യമായ വള്ളികൾ ലഭിക്കുന്നതിന് കിഴങ്ങുകൾ നഴ്സറികളിൽ വളർത്താം. ഒരു ഏക്കറിന് 68 മുതൽ 80 കിലോ വിത്ത് വേണ്ടി വരും. നിലം ഉഴുതോ കിളച്ചോ 15 മുതൽ 20 സെ മി ആഴത്തിൽ പാകപ്പെടുത്തണം. പിന്നീട് 30 സെ മീ അകലത്തിൽ ചെറിയ വരമ്പുകളോ 60 മുതൽ 90 സെ മീ വീതിയുള്ള തടങ്ങളോ തയ്യാറാക്കണം. നടീൽ സമയത്തു സെന്റ് ഒന്നിന് 40 കിലോ ജൈവവളം ചേർത്ത് കൊടുക്കണം |

മൃഗസംരക്ഷണം-: ആട്ടിൻ കൂട്ട നിർമ്മിക്കുമ്പോൾ ഒരു ആടിന് 1m2 വിസ്തീർണ്ണമാണ് കണക്കാക്കുന്നത്. എന്നാൽ ഇത് പാലിക്കാതെ വരുന്ന അവസരങ്ങളിൽ ആടുകൾ തിങ്ങി പാർക്കുമ്പോൾ മഴക്കാലങ്ങളിൽ ശ്വാസകോശ സംബന്ധമായ അണുബാധയുണ്ടാകുന്നു. വായിൽ നിന്നും മൂക്കിൽ നിന്നും വരുന്ന വെള്ളയും മഞ്ഞയും നിറത്തിലുള്ള കട്ടികൂടിയ ദ്രാവകമാണ് ഇതിന്റെ ലക്ഷണം. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ചികിത്സ നൽകാൻ ശ്രദ്ധിക്കുക.